IV. സബ്മിഷൻ

ശ്രീ. പി. കെ. കുഞ്ഞിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതിനെസംബന്ധിച്ച് ശ്രീ. കെ. കരുണാകരന്റെ സബ്മിഷൻ

ശ്രീ. കെ. കരുണാകരൻ: സർ, ഒരു സബ്മിഷൻ. ദിവംഗതനായ ശ്രീ. കുഞ്ഞുസാഹിബ് കേരള രാഷ്ട്രീയത്തിലെ പ്രമുഖനായ ഒരു നേതാവും ഈ സഭയിലെ മന്ത്രിയും എം.എൽ.എ. യും ആയിരുന്നു. അദ്ദേഹം ദിവംഗതനായതിനുശേഷം ആദ്യം കൂടുന്ന സമ്മേളനമാണ്. ഗവൺമെൻറിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നീക്കം ഉണ്ടാകുമെന്നു കരുതിയാണ് അതിനെക്കുറിച്ച് ഉന്നയിക്കാതിരുന്നത്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചിക്കുവാനും ഖേദം പ്രകടിപ്പിക്കുവാനുംവേണ്ടി സഭാനടപടികൾതന്നെ നിറുത്തിവയ്ക്കേണ്ടതായിരുന്നു. അതിനുവേണ്ടി ഇതുവരെയും ശ്രമിക്കാതിരുന്നത് നിർഭാഗ്യകരമായിപ്പോയി. ഇനിയെങ്കിലും ആവശ്യമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: വേണ്ട നടപടി എടുക്കാം.

V. ധനകാര്യം

1979-80-ലേക്കുള്ള ഉപധനാഭ്യർത്ഥന

Minister for Finance **(Sri S. Varadarajan Nair)**: Sir, I lay on the Table the Supplementary Financial Statement for the year 1979-80

VI. റിപ്പോർട്ട് സമർപ്പണം

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ 4-ാമതു റിപ്പോർട്ട്

Sri Xavier Arrakkal: Sir, I, Member, Committee on Subordinate Legislation, present the Fourth Report of the Committee.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

VII. നിയമനിർമ്മാണകാര്യം

(i) 1978-ലെ ശമ്പളങ്ങളും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

Minister for Finance **(Sri S. Varadarajan Nair):** Sir, I introduce the Payment of Salaries and Allowances (Amendment) Bill, 1978.

Mr. Deputy Speaker: The Bill stands introduced.

LIBRARY ARCHIVES Kerala Legislative Assembly

Minister for Finance **(Sri S. Varadarajan Nair):** Sir, I move that the Bill may be taken into consideration.

Minister for Education **(Sri C. H. Mohammed Koya):** Sir, I second it.

ശ്രീ. എസ്. വരദരാജൻ നായർ: വളരെ വ്യക്തമായ ഒരു ബിൽ ആയതുകൊണ്ട് അതിനെക്കുറിച്ച് വളരെയധികം സംസാരിക്കേണ്ട കാര്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ടി. എം. ജേക്കബ്: ഈ ബില്ലിന്റെ കോപ്പി എല്ലാവർക്കും സർക്കുലേറ്റ് ചെയ്തിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അതിനെക്കുറിച്ച് വിശദീകരിക്കണം.

ശ്രീ. പി. ബി. ആർ. പിള്ള: ഈ ബില്ലിന്റെ കോപ്പി ആർക്കും കിട്ടിയിട്ടില്ല. അതു കിട്ടാതെ എങ്ങനെയാണ് അതിനെക്കുറിച്ച് സംസാരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ബില്ലിന്റെ കോപ്പി ഫെബ്രുവരി 17-ാം തീയതി സർക്കുലേറ്റ് ചെയ്തിട്ടുണ്ട്.

ശ്രീ. ടി. എം. ജേക്കബ്: ഈ നിയമസഭയിൽ സർക്കുലേറ്റ് ചെയ്യുന്ന ബില്ലിന്റെ കോപ്പി എല്ലാ മെമ്പർമാർക്കും കിട്ടുവാൻ വേണ്ട നടപടി എടുക്കണം. പല ബില്ലിന്റെ കോപ്പികളും പല മെമ്പർമാർക്കും കിട്ടുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അതിനുവേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. എസ്. വരദരാജൻ നായർ: വളരെയധികം ബില്ലിന്റെ കോപ്പികൾ ഒന്നിച്ചു ചെല്ലുന്നതുകൊണ്ട് അത് നോക്കാത്തതാണ്. ഈ ബില്ലിന്റെ സ്റ്റേറ്റുമെന്റ് ഓഫ് ഒബ്ജക്ട്സ് ആൻഡ് റീസൺസിൽ എല്ലാം വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പ്രതിപക്ഷനേതാവിന് ഒരു മന്ത്രിക്കു ള്ളതുപോലെ സാലറിയും അലവൻസും മറ്റാനുകൂല്യങ്ങളും കൊടുക്കുവാൻ ബാധ്യസ്ഥമാണ്. അദ്ദേഹത്തിന് അത് വാങ്ങണമോ വേണ്ടയോ എന്ന് തീരുമാനിക്കുവാൻ അവകാശം കൊടുക്കുന്നതാണിത്.

The question that the Payment of Salaries and Allowances (Amendment) Bill, 1978, be taken into consideration was put and carried.

The Bill was taken into consideration.

Clause 2

The question that Clause 2 stands part of the Bill, was put and carried.

Clause 2 was added to the Bill.

Clause 1, Preamble and Title

The question that Clause 1, Preamble and Title stand part of the Bill was put and carried.

LIBRARY ARCHIVES Kerala Legislative Assembly

Clause 1, Preamble and Title, were added to the Bill.

Minister for Finance **(Sri S. Varadarajan Nair):** Sir, I move that the Bill may be finally passed.

Minister for Education **(Sri C. H. Mohammed Koya):** Sir, I second it.

The question that the Payment of Salaries and Allowances (Amendment) Bill, 1978 be finally passed was put and carried.

The Bill was finally passed.

(ii) 1979-ലെ കേരളാ പോലീസ് (ഭേദഗതി) ബിൽ—(തുടർച്ച)

ശ്രീ. ഒ. ലൂക്കോസ്: സർ, ഈ നിയമസഭയിൽ 1979-ലെ കേരളാ പോലീസ് (ഭേദഗതി) ബില്ലും 1979-ലെ കേരളാ പോലീസ് (രണ്ടാംഭേദഗതി) ബില്ലും ഇങ്ങനെ രണ്ടു ബില്ലുകളും പരിഗണനയ്ക്ക് ഉണ്ട്. അതിൽ ഒന്ന് പരിഗണനയിലിരിക്കുന്നു, ഒന്ന് പരിഗണനക്കുവേണ്ടി സമർപ്പിക്കുവാൻ പോകുന്നു. നമ്മുടെ രാജ്യത്തെ ക്രമസമാധാനപാലനത്തേയും സാമൂഹ്യ ഭദ്രതയേയും സംബന്ധിച്ച് പറയുമ്പോൾ ഈ രണ്ട് ചെറിയ ബില്ലുകളും രണ്ട് വെള്ളിനക്ഷത്രങ്ങളാണെന്നു വിശേഷിപ്പിക്കുവാൻ തോന്നിപ്പോവുകയാണ്. ഇതിൽ ഒന്നാമത്തെ ബിൽ ആയുധപരിശീലനം നടത്തുന്നവരേയും ആയുധമേന്തി പ്രകടനങ്ങൾ നടത്തുന്നവരേയും തടയുവാൻ ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിന് അധികാരം നൽകുന്ന ബില്ലാണ്. സമർപ്പിക്കുവാനിരിക്കുന്ന രണ്ടാമത്തെ ബിൽ ആകട്ടെ, മോഷണവസ്തുക്കൾ, അവിഹിതമായി സമ്പാദിച്ച സാധനങ്ങൾ കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളുകളുടെമേൽ നടപടി സ്വീകരിക്കാൻ ഉള്ളതുമാണ്. സത്യത്തിൽ നിയമപരിജ്ഞാനത്തിന്റെ കുറവ് ഓർത്ത് ഞാൻ ദുഃഖിച്ചുപോയി. നമ്മുടെ രാജ്യത്ത് ആയുധപരിശീലനം നടത്തുന്നവരേയും ആയുധമേന്തി ഗോഗ്വാവിളികളുമായി നടക്കുന്നവരേയും നിയന്ത്രിക്കുവാൻ നിയമമില്ലായിരുന്നുവെന്നുള്ള വസ്തുത സത്യത്തിൽ ഞാൻ ഇപ്പോഴാണ് മനസ്സിലാക്കുന്നത്. അതുപോലെതന്നെ മോഷ്ടിക്കപ്പെട്ട, മറ്റുള്ളവരുടെ പക്കൽനിന്നും അവിഹിതമായി എടുത്ത സാധനങ്ങൾ വീട്ടിൽവച്ച് സൂക്ഷിച്ചാൽ അത് പിടിച്ചെടുക്കുവാനുള്ള നിയമവും ഇല്ലായിരുന്നുവെന്നുള്ള വസ്തുതയും ഞാൻ ഇപ്പോൾ മാത്രമാണ് മനസ്സിലാക്കുന്നത്. ഇങ്ങനെയൊക്കെയായിരുന്നിട്ടും ഇത്രയും കുറച്ചേ ആയുധപരിശീലനം നടന്നിരുന്നുള്ളൂ, ഇത്രയും കുറച്ചേ മോഷണവസ്തുക്കൾ വീടുകളിൽ സൂക്ഷിച്ചിരുന്നുള്ളുവെന്നുള്ള കാര്യം ഓർക്കുമ്പോൾ നമ്മുടെ സംസ്ഥാനം ഒരു സ്വർഗ്ഗം ആയിരിക്കുന്നു എന്നു പറയാതെ തരമില്ല. വെള്ളിനക്ഷത്രങ്ങൾ എന്ന് ഞാൻ നേരത്തെ വിശേഷിപ്പിച്ച ഈ രണ്ടു ബില്ലുകളും 1979 ആഗസ്റ്റ് മാസം 30-ാം തീയതിക്കുമുൻപ് പാസ്സാക്കിയിരുന്നുവെങ്കിൽ നന്നായിരുന്നേനേയെന്ന് ഞാൻ ആശിച്ചുപോകുകയാണ്.

ഈ കാര്യത്തിൽ വളരെയേറെ തെറ്റിദ്ധാരണ ഗവൺമെന്റിനെ സംബന്ധിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സംബന്ധിച്ചും ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ എന്റെ സകല തെറ്റിദ്ധാരണകളും മാറിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly